**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3036 — 10.05.2017 ൽ മറുപടിക്ക്

## പി.എച്ച്.സി നവീകരണം

| ചോദ്യം<br><br>ശ്രീ.ബി.ഡി. ദേവസ്സി | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സർക്കാർ ആശുപത്രികളുടെയും പി.എച്ച്.സി - കളുടേയും നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ പോകുന്നത് എന്ന് വ്യക്തമാക്കാമോ; | (എ)<br>&<br>(ബി) | ആർദ്രം മിഷന്റെ ഭാഗമായി സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് സ.ഉ(ആർ.റ്റി) 845/2017/ആ.കു.വ തീയതി 28.03.2017 പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രാഥമികാരോഗ്യ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പൊതുമേഖലാ ചികിത്സാ സംവിധാനത്തിന്റെ നെട്ടെല്ലായി കരുതുന്ന പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളും അതുമായി ബന്ധപ്പെട്ട രോഗപ്രതിരോധ/നിയന്ത്രണ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. KIIFB യിൽ ഉൾപ്പെടുത്തി 2016-17 ൽ 8 കാത്ത് ലാബുകളും 44 ഡയാലിസിസ് യൂണിറ്റുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിനു കീഴിലുള്ള വിവിധ ആശുപത്രികളുടെ അടിസ്ഥാന വികസനത്തിലുള്ള 2000 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി വരുന്നു. 2016-17 ലെ സംസ്ഥാന പദ്ധതി വിഹിതം വഴിയുള്ള 23 കോടി രൂപയുടെ ആശുപത്രി ഉപകരണങ്ങളും 2017-18-ൽ green book-ൽ ഉൾപ്പെടുത്തിയിട്ടുള്ള 45 കോടി രൂപയുടെ ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കലും |
| (ബി) | പി.എച്ച്.സി കളുടേയും, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളിലും കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിനും, ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | | |

| | | | |
|---|---|---|---|
| | | | കെ.എം.എസ്.സി.എൽ വഴി നടന്നു വരുന്നു. 2017-18-ലെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി 50 കോടി രൂപയുടെ പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ആശുപത്രികളിൽ നടത്തുന്നതാണ്. ഇതിനുപുറമേ ഈ വർഷം നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി വിവിധ ആശുപത്രികൾക്കും ആരോഗ്യ സ്ഥാപനങ്ങൾക്കുമായി 6762.50 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ജില്ലാ/താലൂക്ക് തല ആശുപത്രികൾ/സൂപ്പർസ്പെഷ്യാലിറ്റി/ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും ആർദ്രം പദ്ധതി ലക്ഷ്യമിടുന്നു. കൂടാതെ നമ്മുടെ സർക്കാർ ആശുപത്രികളിലെ ഔട്ട് പേഷ്യന്റ് വിഭാഗങ്ങൾക്ക് ആവശ്യമായ മാനദണ്ഡങ്ങളോടെ രോഗീസൗഹൃദം ആക്കുകയെന്നാണ് ആർദ്രം മിഷന്റെ പ്രധാന ഉദ്ദേശം. അതോടൊപ്പം ജില്ലാതല താലൂക്ക്തല ആശുപത്രികളിലേയ്ക്ക് അധിക തസ്തിക സൃഷ്ടിച്ച് ആവശ്യമായ അധിക സ്റ്റാഫിനെ നിയമിച്ചും സൗകര്യങ്ങൾ ഒരുക്കിക്കൊണ്ടും നിശ്ചിത മാനദണ്ഡങ്ങളോടെ ചികിത്സാ സൗകര്യങ്ങൾ ക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റലിന്റെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ? | (സി) | ആർദ്രം മിഷന്റെ ഭാഗമായി സംസ്ഥാനത്തെ താലൂക്ക് തല ആശുപത്രികളിലെ ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി അധിക തസ്തിക സൃഷ്ടിക്കുന്നതിനും സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള ആർദ്രം പദ്ധതിയിൽ ചാലക്കുടി താലൂക്ക് ആശുപത്രിയും ഉൾപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ